# PROCEEDINGS OF
# THE KERALA LEGISLATIVE ASSEMBLY

**Second Session—1969**

*Monday, the 11th August 1969.*

**Vol. XXV] OFFICIAL REPORT [No. 6**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 11th August 1969, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

## ORAL ANSWERS

### കുറിയാടി ജലസേചനപദ്ധതി

* 77. [203] ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനം സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർപ്രദേശത്തെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ കുറിയാടി പദ്ധതിയുടെ പ്രവർത്തനം പണമില്ലാത്തതുനിമിത്തം ഒരു സ്തംഭനാവസ്ഥയെ അഭിമുഖീകരിക്കുകയാണോ;

(ബി) ചാലുകീറുന്നതിനായി സ്ഥലം പൊന്നുംവിലയ്ക്കെടുത്ത വകയിൽ 20 ലക്ഷം രൂപ വസ്തുഉടമസ്ഥർക്കു് കൊടുക്കുവാനുള്ളതു കൊടുത്തുതീർത്തോ ?

ജലസേചനവും സഹകരണവുംമന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്): (എ) കുറിയാടി പദ്ധതിക്കു് അനുവദിച്ചിട്ടുള്ള തുക പോരാതെ വന്നിട്ടുണ്ടു്. പ്രവർത്തനം സ്തംഭിച്ചു കഴിഞ്ഞിട്ടില്ല. കൂടുതൽ തുക അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിലേക്കു് അവശ്യംവേണ്ട നടപടികളെല്ലാം ഏർപ്പാടുചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എം. മാണി: കൂടുതൽ തുക എന്നത്തേക്കു് അനുവദിച്ചുകിട്ടുമെന്നാണു് പ്രതീക്ഷ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: ഏറ്റവും വലിയ ജലസേചനപദ്ധതിയായ കല്ലട ജലസേചന പദ്ധതിക്കു് അനുവദിച്ച തുക തീരെ പോരാത്തതാണെന്നും ഈവർഷം തന്നെ ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കുന്നതിനുള്ള തുകമാത്രമേ ബാക്കിയുള്ളൂ എന്നും പണിനടത്താനുള്ള പണമില്ലെന്നും കേൾക്കുന്നതു് ശരിയാണോ; ഈ പദ്ധതി എന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കല്പട പദ്ധതിയെസംബന്ധിച്ചിടത്തോളം മുമ്പ് ആസൂത്രണം ചെയ്ത പരിപാടിയനുസരിച്ച് പ്രവർത്തനം പുരോഗമിപ്പിക്കാൻ ഒരു പ്രത്യേക സൂപ്രണ്ടിംഗ് ഇഞ്ചിനീയറുടെ കീഴിൽ ഒരു പ്രത്യേക ഡിവിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. സംഖ്യ പോരാതെവരുന്ന കുഴപ്പം എല്ലാ പദ്ധതികൾക്കും ഉണ്ട്. അതു ഈ പദ്ധതിയെസംബന്ധിച്ചും ഉണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പ്രോജക്ടു വൈസായിട്ടല്ലാതെ ഒന്നായിട്ട് ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനഗവണ്മെന്റിനു കേന്ദ്രഗവണ്മെന്റു സംഖ്യ അലോട്ടു ചെയ്യുമ്പോൾ ഇത്തരത്തിലുള്ള പ്രധാനപ്പെട്ട ഇറിഗേഷൻ വർക്കുകൾക്കു ആവശ്യമായ തുക വയ്ക്കാതിരുന്നതുകൊണ്ട് പ്രോജക്ടുവർക്കുകൾ കംപ്ലീറ്റുചെയ്യാൻ ഒക്കുന്നില്ലെന്ന കേരളത്തിന്റെ ശരിയാണോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നമ്മുടെ പ്ലാനിംഗ് അനുസരിച്ച് കേന്ദ്രഗവണ്മെന്റു മൊത്തത്തിൽ മുഴുവൻ തുകയും ഒന്നായിട്ടാണു അലോട്ടുചെയ്തിട്ടുള്ളതു. അതും പ്രയോറിട്ടി അനുസരിച്ചും സ്റ്റേറ്റു പ്ലാനിംഗ് ബോർഡിന്റെ ശുപാർശ അനുസരിച്ചും ചെയ്യുന്നുണ്ട്.

ശ്രീ. പി. സി. രാഘവൻനായർ: കുറിയാടി ജലസേചനപദ്ധതിക്കു അനുവദിച്ചിട്ടുള്ള തുക, അനധികൃതമായി കൈക്കലാക്കിയ വാങ്ങിയതിന്റെ ഫലമായി വന്നു ഉടമസ്ഥന്മാർക്കു വാരിക്കോരി കൊടുക്കേണ്ടിവന്നതെന്നും അതിന്റെ ഫലമായി ഏതാനും ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻറു ചെയ്തിട്ടുണ്ടെന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ സസ്പെൻഷൻ നടപടി എന്തായി എന്നു പറയാൻ മേലുണ്ടാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നോട്ടീസു വേണം. വാരിക്കോരികൊടുത്തു എന്നു പറഞ്ഞതു ശരിയല്ല. ലാൻറു അക്വിസിഷനെ സംബന്ധിച്ചു വലിയ തുക കൊടുക്കാനുണ്ട്. 112 ലക്ഷത്തോളം ഉറുപ്പിക കൊടുക്കാൻ ബാക്കിയുണ്ട്.

ശ്രീ. കെ. ഐ. രാജൻ: ബോർഡിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ തമ്മിലുള്ള തർക്കത്തെ തുടർന്നാണു കുറിയാടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നിറുത്തിവച്ചതെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ആരുടെ പേരിലാണു തെറ്റെന്നു കണ്ടുപിടിച്ചു് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: വിദ്യുച്ഛക്തി പദ്ധതിയെ ബാധിക്കുന്നതാണു ഈ ചോദ്യം.

ശ്രീ. കെ. കരുണാകരൻ: പണത്തിന്റെ പേരായ്മകൊണ്ടുമാത്രമാണോ പ്രവർത്തനം സ്തംഭിച്ചിട്ടുള്ളതു? അതല്ല മറ്റു വല്ല കാരണങ്ങളുമുണ്ടോ: നീക്കിവച്ച സംഖ്യ മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നീക്കിവച്ച സംഖ്യ മുഴുവൻ ചെലവഴിച്ചുകഴിഞ്ഞു. സംഖ്യ ഇല്ലാത്തതു മാത്രമാണു കാരണം. കുറിയാടി പദ്ധതിയെസംബന്ധിച്ചിടത്തോളം കാൺട്രാക്ടറർമാരുടെ തർക്കം ഒന്നുമില്ല. ഇത്തവണതന്നെ 203 ലക്ഷം രൂപ ചെലവഴിക്കാനുള്ള പദ്ധതിയുണ്ട്. സംഖ്യ ഉണ്ടാവുന്നപക്ഷം തീർച്ചയായും മുന്നോട്ടു പോകാൻ വളരെ എളുപ്പമാണു. തുകയില്ലെന്ന ഒറക്കാരണമാണു പ്രവർത്തനത്തിന്റെ പുരോഗതിക്കു തടസമായി നിൽക്കുന്നതു.

ശ്രീ. ഇ. ജോൺ ജേക്കബ്: തണ്ണീർമുക്കം ബണ്ടിന്റെ പണി വളരെ സാവധാനത്തിൽ പോവുകയാണെന്നും അതു് മന്ത്രിയുടെ ആയുഷ്ക്കാലത്തിനു മുമ്പെങ്കിലും പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശ്വസിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: എന്റെ ആയുഷ്ക്കാലത്തിനകത്ത് നീട്ടുമെങ്കിൽ സാവധാനത്തിൽ തീർത്താൽ എനിക്ക് ആയുസ്സ് കൂടും. പക്ഷേ പദ്ധതി നാട്ടിന്റെ ആവശ്യമാണ്. മുന്നിലൊരുഭാഗം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി ഒരു ഭാഗത്തിന്റെ പ്രവൃത്തി ചെയ്യുകൊണ്ടിരിക്കുമ്പോൾ പയിൽസിൽ ചില കുഴപ്പങ്ങളുണ്ടായി. റിസർച്ച് സ്റ്റേഷന്റെ നിർദ്ദേശമനുസരിച്ച് പയിൽസ് ആഴത്തിൽ താഴ്ത്തിയിടേണ്ടിവന്നു. പണി ചെയ്യുകൊണ്ടിരുന്ന കാൺട്രാക്റ്റർക്ക് അതു സാദ്ധ്യമല്ലെന്നു പറഞ്ഞു. കാൺട്രാക്റ്ററുമായുള്ള തർക്കം മാറിയതിനുശേഷം പണി തുടങ്ങിയപ്പോൾ നിർഭാഗ്യവശാൽ ഡീവാട്ടർ ചെയ്യാനുള്ള ബണ്ടിന് ബ്രീച്ചസ് സംഭവിച്ചു. അതുകൊണ്ട് തടസ്സം നേരിട്ടു. അതു പരിഹരിച്ച് പ്രവർത്തനം എത്രയുംവേഗം നടത്തുന്നതാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്: ഇതിനാവശ്യമായ പണം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പണത്തിന്റെ പോരായ്മ എല്ലാ പദ്ധതികൾക്കും ഉണ്ട്. തണ്ണീർമുക്കം ബണ്ടിനു് അലോട്ടുചെയ്യ സംഖ്യ ചെലവഴിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. എം. രാമുണ്ണി: സ്ഥലം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് സ്ഥലമുടമസ്ഥന്മാരും ഗവണ്മെന്റും തമ്മിൽ തർക്കം ഉണ്ടായിട്ടുണ്ടോ; ആ തർക്കം ഇന്നും നിലവിലുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: തർക്കമൊന്നും നിലവിലില്ല. ഭൂമി അക്വിസിഷനു കൊടുക്കേണ്ട ബാക്കിയുള്ള സംഖ്യതന്നെ വലിയ സംഖ്യയാണ്.

ശ്രീ. എം. രാമുണ്ണി: ചില ഭൂവുടമസ്ഥന്മാർ ഗവണ്മെന്റിനെതിരായിട്ട് കേസു കൊടുത്തിരുന്നു. ആ കേസ് ഇന്നും നിലവിലുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നോട്ടീസു വേണം.

ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ: സാമ്പത്തിക ക്ലേശംമൂലം ഇത്തരത്തിലുള്ള എത്രയോ പദ്ധതികളും ഇന്നും പൂർത്തിയാകാത്ത സ്ഥിതിക്ക് ഏറെറടുത്തിട്ടുള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടേ ഇനി മറ്റു പ്രധാനപ്പെട്ട പദ്ധതികളും തുടങ്ങുകയുള്ളു എന്നു ഗവണ്മെന്റു് തീരുമാനിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അങ്ങനെ തീരുമാനിക്കുന്നതായിരിക്കും നല്ലതു്. അതേ അവസരത്തിൽ പുതിയ പദ്ധതികളും ആസൂത്രണം ചെയ്യാതെ നിവൃത്തിയില്ല. കൂടുതൽ വേഗത്തിൽ പദ്ധതികൾ തീർന്നാൽ പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ഉടനെ ആരംഭിക്കേണ്ടിവരും. സംസ്ഥാനത്തിനാവശ്യമായ പദ്ധതികൾ ഏതൊക്കെയാണെന്ന വ്യക്തമായ ഒരു രൂപരേഖ ഗവണ്മെന്റിന്റെമുമ്പിൽ വേണമെന്നാണ് ഉദ്ദേശിക്കുന്നതു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ പണി എന്തായി?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഉത്തരം ഇപ്പോൾ കൈവശമില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് കൊല്ലം ജില്ലയിൽ വൻകിട ജലസേചനപദ്ധതികൾക്ക് സംഖ്യ തീരെയില്ലെന്നുള്ള വസ്തുതയെ പരിഗണിച്ച് ആവശ്യമായ തുകയനുവദിച്ചും അലോട്ടുചെയ്യുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ജില്ലാതിരിച്ചുള്ള അലോട്ടുമെന്റ് മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് മാത്രമേയുള്ളൂ. പുതുതായി സംഖ്യ കിട്ടാനുള്ള നടപടികളും ഗവണ്മെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. ദിവാകരൻ: ലാന്റ് അക്വിസിഷൻ നടന്നുകഴിഞ്ഞാൽ വസ്തു ഉടമകൾക്ക് പണം കിട്ടാൻ വളരെ കാലതാമസം നേരിടുന്നുണ്ട്. നാമമാത്രമായ ഭൂമി കൈവശമുള്ളവർക്ക് ഇതുകൊണ്ടു നേരിടുന്ന ബുദ്ധിമുട്ടിനെ പരിഗണിച്ച് ഈ പണം വളരെവേഗം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ലാന്റ് അക്വിസിഷൻ നടപടി എടുക്കുന്നതു റവന്യൂ ഡിപ്പാർട്ടുമെന്റാണ്. മൊത്തത്തിൽ ലാന്റ് അക്വിസിഷനു നീക്കിവയ്ക്കേണ്ട സംഖ്യ എത്രയെന്നു കണ്ടു അതു കളക്ടറുടെ ഡിസ്പോസലിനു നീക്കിവയ്ക്കുകയാണ് ചെയ്യുന്നതു അതു റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ നിയമാനുസൃത സ്വഭാവമനുസരിച്ചു മാത്രമേ വാങ്ങിക്കാൻ കഴിയൂ. ഈയിടെ റവന്യൂ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതിനുശേഷം പെട്ടെന്നു ഭൂമി കൈവശം കൊടുക്കുന്ന ആളുകൾക്ക് വളരെ വേഗത്തിൽ പണം കൊടുക്കാനുള്ള ഉപാധികൾ അംഗീകരിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു സാങ്കേതികമായ വൈഷമ്യങ്ങൾ ഒന്നും ഇല്ലെങ്കിൽ സംഖ്യ കിട്ടാൻ കാലതാമസത്തിനു ഇടയില്ല. എന്നാൽ എല്ലാം നടത്തേണ്ടതു റവന്യൂ ഡിപ്പാർട്ടുമെന്റാണ്.

ശ്രീ. ടി. എ. മജീദ്: കല്ലട പദ്ധതിയുടെ റൈറ്റ് ബാങ്ക് ചാനൽ പൂർത്തീകരിക്കുന്നതോടുകൂടിത്തന്നെ ലെഫ്റ്റ് ബാങ്ക് ചാനലിന്റെയും പണി നടത്താൻ നടപടി എടുക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിക്കഴിഞ്ഞു. പ്രവൃത്തി പുരോഗമിപ്പിക്കുവാൻവേണ്ടി പരിശ്രമിക്കുകയാണ്. എന്നാൽ ആവശ്യമുള്ള പണത്തിന്റെ കുറവുനിമിത്തം എത്രത്തോളം സാധിക്കുമെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. ബി. മാധവൻനായർ: വലിയ ജലസേചനപദ്ധതികളും നടപ്പിലാക്കുന്നതോടൊപ്പം ചാനൽ നിർമ്മിക്കുവാൻവേണ്ടി സ്ഥലം എടുക്കുന്ന അവസരത്തിൽ ചാനലുകൾ കടന്നുപോകേണ്ട സ്ഥലംമാത്രം എടുക്കുകയും ചാനലുകൾ വെട്ടിയശേഷം രണ്ടാമതു മെയിന്റനൻസിനുവേണ്ടി ഡിപ്പാർട്ടുമെന്റിന്റെ വാഹനങ്ങൾ ഓടിക്കുവാൻ സ്ഥലമില്ലാതെവരികയും ചെയ്യുന്ന സ്ഥിതിവിശേഷമുള്ളതുകൊണ്ട് മേലാൽ ഇങ്ങനെ ചാനലിനുവേണ്ടി സ്ഥലമെടുക്കുമ്പോൾ ചാനലിന്റെ വശത്തുകൂടി ഡിപ്പാർട്ടുമെന്റിന്റെ ചെറിയതരം ജീപ്പുകൾ കടന്നുപോകാനുള്ള സ്ഥലംകൂടി എടുത്തു പുറമ്പോക്കായി ഡിക്ലയർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ ചാനലുകൾക്കുവേണ്ടി സ്ഥലമെടുക്കുമ്പോൾ ചാനലിനു തൊട്ട് ജീപ്പബിൾ റോഡുകൂടി എടുക്കാറുണ്ട്. കൂടാതെ രണ്ടാഭാഗത്തും കൂടുതൽ സ്ഥലംകൂടി എടുക്കുകയാണുപതിവു്. എന്നാൽ ചില സ്ഥലങ്ങളിൽ എസ്റ്റിമേറിന്റെ സൗകര്യത്തിനു അനുസരിച്ചും അല്ലെങ്കിൽ ചിലപ്പോൾ കൂടുതൽ സ്ഥലം അനാവശ്യമാണെന്നു തോന്നിയിട്ടും സൈഡ് റോഡ് എടുക്കാറില്ല. സ്വാഭാവികമായും അങ്ങനെ റോഡ് ഉണ്ടായിരിക്കണമെന്നാണ് നിർദ്ദേശമുള്ളതു.

ശ്രീ. എസ്. ഗോപാലൻ: തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ഡ്രഡ്ജറിന്റെ പോരായ്മകളും ഉള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പോരായ്മകളും പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഡ്രഡ്ജറിന്റെ പോരായ്മ അതിന്റെ പ്രവർത്തനത്തിനു് ഒരു തടസ്സമാണെന്നു തോന്നുന്നില്ല. രണ്ടുമൂന്നു ഡ്രഡ്ജറുകൾ റിപ്പയറിലാണു്. അതു് നന്നാക്കാനുള്ള സൗകര്യം ഉണ്ടായിട്ടില്ല. കാരണം അതിനുള്ള സാമഗ്രികൾ കിട്ടിയിട്ടില്ല എന്നുള്ളതാണു്.

ശ്രീ. കെ. ടി. ജേക്കബ്: പണിയാരംഭിച്ചിട്ടുള്ളതായ നിരവധി പ്രോജക്റ്റുകൾ ഈ സംസ്ഥാനത്തുണ്ടു്. അവയൊന്നും തീർന്നിട്ടില്ല എന്നു് ഈ രാജ്യത്തും ഈ സഭയ്ക്കുള്ളിലും ഒരു മുറവിളി നിലനിൽക്കുന്നതുകൊണ്ടു് ഇതിൽ രണ്ടോ മൂന്നോ മേജർ സ്കീമുകൾ മാത്രമെടുത്തു് അതു് പൂർത്തീകരിച്ചിട്ടു് പിന്നീടു് വേറെ തുടങ്ങുക എന്നുള്ള ഒരു നിലപാടു് ഈ ഗവണ്മെന്റു് സ്വീകരിക്കുകയാണെങ്കിൽ നിശ്ചയമായും ചില കാര്യങ്ങൾ ചെയ്യുവെന്നു് ഈ ഗവണ്മെന്റിനു് അഭിമാനിക്കാം. അത്തുപോലെതന്നെ ജനങ്ങൾക്കു് അതു് ബോദ്ധ്യപ്പെടുകയും ചെയ്യും എന്നുള്ളതുകൊണ്ടു് അതിനുള്ള നടപടികൾ സ്വീകരിക്കുമോ; മറ്റുള്ള സംസ്ഥാന ഗവണ്മെന്റുകൾ ഈ നയമാണു് തുടരുന്നതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ പദ്ധതികളെല്ലാം തുടങ്ങുമ്പോൾ മിക്കവാറും പൂർത്തീകരിക്കുവാനുള്ള കാലയളവു് ഇത്ര എന്നു കണക്കാക്കിയിട്ടുണ്ടു്. അതിനുള്ളിൽ പൂർത്തീകരിക്കണമെന്നാണു് ഗവൺമെന്റിന്റെ ആഗ്രഹം. എന്നാൽ ഒരു പദ്ധതി മാത്രം കേന്ദ്രീകരിച്ചു് സംഖ്യ ചെലവാക്കുകയും ഒരു പദ്ധതിയുടെ പ്രവർത്തനം മാത്രം മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്താൽ എത്രത്തോളം പ്രായോഗികമാകുമെന്നു് അറിയുകയില്ല. മറ്റു പദ്ധതികളും മുടങ്ങിക്കിടക്കുകയും മറ്റും ചെയ്താൽ ബഹുമാനപ്പെട്ട മെമ്പർ തന്നെ ആക്ഷേപം ഉന്നയിച്ചെന്നുവരും. ഏതു പദ്ധതിയ്ക്കാണു് പ്രയോറിറ്റി കൊടുക്കേണ്ടതെന്ന കാര്യത്തിലും പരസ്പരം തർക്കവും സംശയവും ഉണ്ടാകാം. എന്നാൽ വേണ്ടത്ര തുക ഉണ്ടെങ്കിൽ ഇതൊന്നും കൂടാതെതന്നെ പ്രശ്നം പരിഹരിക്കാവുന്നതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പ്ലാനിംഗ് ബോർഡാണു് ലംപ് ആയി തുക ഓരോ പ്രോജക്റ്റിനും അലോട്ടു് ചെയ്യുന്നതു്. അങ്ങനെ അലോട്ടു് ചെയ്യുമ്പോൾ ഈ വർഷത്തെ കമ്മിറ്റുമെന്റു് എത്രയാണെന്നു നോക്കിയിട്ടു് മാർച്ചുമാസം വരെ പ്രവർത്തനം നടക്കത്തക്കരീതിയിലാണോ ചെയ്തിട്ടുള്ളതു്; കൺസേൺഡ് ഡിപ്പാർട്ടുമെൻറുമായി അവർ ഡിസ്കസ് ചെയ്തു് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പ്ലാനിംഗ് ബോർഡിന്റെ ശുപാർശ പരമമായി തീരുമാനിക്കുന്നതു് മന്ത്രിസഭയാണു്. മന്ത്രിസഭ ചർച്ചചെയ്തു് തീരുമാനിച്ചിട്ടുണ്ടു്. മൊത്തമായി കിട്ടിയ തുകയുടെ തോതനുസരിച്ചു് വിതരണം ചെയ്യേണ്ടതാണു്. ഏതിനാണു് പ്രാധാന്യത കൊടുക്കേണ്ടതു് എന്നതുമാത്രമാണു് നോക്കാനുള്ളതു്. ഇറിഗേഷന്റെ പ്രാധാന്യം എത്രത്തോളം ഉണ്ടെന്നു നോക്കുകയും അതനുസരിച്ചു് മൊത്തത്തിലുള്ള സംഖ്യ വിഭജിക്കുകയും ചെയ്തിട്ടുണ്ടു്. പക്ഷേ ആവശ്യമനുസരിച്ചുള്ള സംഖ്യ കൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു് ശരിയാണു്.

ശ്രീ. ഓ. കേരൻ; കുറിയാടി പദ്ധതി എന്നേയ്ക്കു പൂർത്തീകരിക്കുവാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മിക്കവാറും രണ്ടുവർഷം കൊണ്ടു് ഫണ്ടുണ്ടെങ്കിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: പഴശ്ശി പദ്ധതിക്കു് കഴിഞ്ഞവർഷം അനുവദിച്ചിരുന്ന സംഖ്യയുടെ പകുതി മാത്രമാണു് ഈ വർഷം അനുവദിച്ചിട്ടുള്ളതു്. ആ സംഖ്യതന്നെ പൂർണ്ണമായും തീർന്നുകൊണ്ടു് ആ പദ്ധതിയുടെ പ്രവർത്തനം സ്തംഭിച്ചിട്ടുണ്ടെന്നു് അറിയുന്നതു ശരിയാണോ; അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പഴശ്ശിപദ്ധതിയുടെയും കുറിയാടി പദ്ധതിയുടെയും അനുഭവം ഒന്നുതന്നെയാണ്. കഴിഞ്ഞവർഷം അലോട്ടുചെയ്തിട്ടുള്ളതിന്റെ 60 ശതമാനം മാത്രമേ ഈ വർഷം അലോട്ടുചെയ്തിട്ടുള്ളൂ. അതിനുമുൻപുള്ള വർഷത്തിന്റെ പകുതി മാത്രമാണ് കഴിഞ്ഞവർഷം ഉണ്ടായിരുന്നത്. അടുത്തവർഷവും ചുരുങ്ങിപ്പോകുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വാമനപുരം നദീതടപദ്ധതി നാലാംപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ഇന്നു അതു ഏതു നിലയിലാണ്?

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ഡീറ്റയിൽഡ് ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരമമായ തീരുമാനമെടുക്കുന്നതു. അതിനെപ്പറ്റിയുള്ള കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: കൺട്രാക്ടർമാർക്കു സംഖ്യ കൊടുക്കാത്തതുകൊണ്ടു അവർ ഗവണ്മെന്റിന്റെ പേരിൽ കേസ് കൊടുക്കാൻപോകുന്നുവെന്നാണറിയുന്നതു. അതുകൊണ്ടു ആവശ്യമായ നടപടി ഗവണ്മെന്റു സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആദ്യംതന്നെ പ്രവർത്തനം സ്തംഭിച്ചിട്ടില്ല എന്നു പറഞ്ഞതിന്റെ അർത്ഥം സംഖ്യ കൊടുക്കാതെയും കൺട്രാക്ടർമാർ പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടാണു. കൺട്രാക്ടർമാർക്കു സംഖ്യ മുഴുവൻ കൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു ശരിയാണ്.

ശ്രീ. ബി. മാധവൻ നായർ: മേജർ ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ചില ചാനലുകൾ തീരുന്നതിനെ സംബന്ധിച്ചു മലബാർ പ്രദേശത്തെ കൃഷിക്കാർ നിലവിലുള്ള ആക്ടനുസരിച്ചു 25 ശതമാനം കോൺട്രിബ്യൂഷനാണു കൊടുക്കുന്നതു. എന്നാൽ തിരുകൊച്ചിയിൽ 50 ശതമാനം കോൺട്രിബ്യൂഷൻ കൃഷിക്കാർ കൊടുക്കണം. രണ്ടുംകൂടി ഏകീകരിക്കുന്ന കേരളാ ഇറിഗേഷൻ ആക്ടു് എന്നേയ്ക്കാണു് ഈ സഭയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അടുത്ത നിയമസഭാസമ്മേളനത്തിൽ അവതരിപ്പിച്ചു് പാസ്സാക്കിയെടുക്കണമെന്നാണു് ഗവണ്മെന്റിന്റെ ആഗ്രഹം.

## സഹകരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ

* 78. [204] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കു് കാമൺ കേഡർ രൂപീകരിക്കാനായി നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റിനു് എന്നാണു് ലഭിച്ചതു്;

(ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ എന്തു നടപടികളാണു് സ്വീകരിച്ചു;

(സി) ഓരോ വിഭാഗം സഹകരണസംഘങ്ങൾക്കും പ്രത്യേകം കേഡർ വേണമെന്നാണോ റിപ്പോർട്ടു്?

ജലസേചനവും സഹകരണവുംമന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്)

(എ) 8–7–1969–ൽ ലഭിച്ചു.

(ബി) റിപ്പോർട്ടു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(സി) റിപ്പോർട്ടു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നതിനാൽ അതിന്റെ ഉള്ളടക്കം ഇപ്പോഴ് വെളിപ്പെടുത്തുന്നതു് ശരിയാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly